*Kerala Catholic Bishops' Council's*


# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshvj@gmail.com

214th Issue - Volume 5, No.47 **ജാഗ്രത** 10th December 2011

" താൻ ഇച്ഛിക്കുന്നവരോട് അവിടന്നു കരുണ കാണിക്കുന്നു; അതുപോലെ താൻ ഇച്ഛിക്കുന്നവരെ കഠിനഹൃദയരാക്കുകയും ചെയ്യുന്നു. "

(റോമ-9:18)



St. Nicholas

## പ്രധാന വാർത്തകൾ

സമർപ്പിത സമൂഹത്തിന്റെ ഉൾക്കാമ്പ് അറിയുന്നവരാണ് നല്ല ശ്രുശ്രൂഷകർ: മേജർ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരി.

---

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ് ലത്തീൻ സമുദായത്തെ പിന്നോക്കാവസ്ഥയിലാക്കി: ബിഷപ് ഡോ. ജോസഫ് കരിയിൽ

---

ദൈവപരിപാലനയിൽ ദുരന്തം ഒഴിവാകും: മാർ.ബോസ്കോ പുത്തൂർ

---

സമുദായം രാഷ്ട്രീയമായി ശക്തിയാർജിക്കണം: ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ

---

മുല്ലപ്പെരിയാർ: ഒളിച്ചുകളി അവസാനിപ്പിക്കണം ബിഷപ് ഡോ. വിൻസന്റ് സാമുവൽ

---

മനുഷ്യസ്നേഹത്തിന്റെ പൂർണതയാണ് ക്രൈസ്തവീയത: മാർ ജേക്കബ് മനത്തോടത്ത്

---

ജനങ്ങളുടെ ഭീതിയകറ്റണമെന്ന് മാർതോമസ് ചക്യത്ത്

---

വിദ്യയോടൊപ്പം വ്യക്തിത്വവും വളർത്തിയെടുക്കണം: മാർ ആൻഡ്രൂസ് താഴത്ത്

---

## ജാഗ്രതാ വാർത്ത

ആയുസ്സിനു പിന്നിൽ ജീൻ

---

## ചരിത്ര ജാഗ്രത

വിശുദ്ധ നോബോർട്ട്.

---

## വാരാന്ത്യവീക്ഷണം

ഞെട്ടിക്കുന്ന സത്യങ്ങൾ

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS

## സമർപ്പിത സമൂഹത്തിന്റെ ഉൾക്കാമ്പ് അറിയുന്നവരാണ് നല്ല ശ്രുശ്രൂഷകർ: മേജർ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരി.



സമർപ്പിത സമൂഹത്തിന്റെ ഉൾക്കാമ്പ് അറിയുന്നവരാണു നല്ല ശ്രുശ്രൂഷകരെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി. പിഒസിയിൽ കെസിവൈഎം മുൻകാല നേതാക്കളുടെ സംഗമത്തോനുബന്ധിച്ചു നടത്തിയ ഫാ. തോമസ് മൂർ സിഎംഐ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സഭയുടെ പ്രബോധനങ്ങളും ദൈവികമൂല്യങ്ങളും ആഴത്തിൽ പഠിച്ച് ഉൾക്കൊള്ളുന്നവർക്കു മാത്രമേ ഇതൊരു ജീവിത ദർശനമായി പ്രചരിപ്പിക്കാൻ കഴിയൂ. ഇത്തരത്തിൽ സഭയെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചും പഠിച്ചു മറ്റുള്ളവരെ ബോധവത്കരിക്കുക എന്ന മഹനീയ കർത്തവ്യത്തിലായിരുന്നു ഫാ. തോമസ് മൂർ ഏർപ്പെട്ടിരുന്നത്. സഭകളുടെ പൊതുവായ ആഭിമുഖ്യത്തിൽ യുവാക്കളുടെ സംഘടന രൂപീകരിക്കുക എന്നത് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വെളിച്ചത്തിലാണ് പ്രാബല്യത്തിലാക്കാൻ തീരുമാനിച്ചത്. ഇതിനു വേണ്ടി അദ്ദേഹം നിയോഗിക്കപ്പെടുകയായിരുന്നു. കെസിവൈഎമ്മിന്റെ സംഘാടനമെന്നത് ഏറെ ശ്രമകരമായ ദൗത്യമായിരുന്നു. അദ്ദേഹം അതിനു വേണ്ടി സംസ്ഥാനത്തുടനീളം സഞ്ചരിക്കുകയും ഏറെ പഠനങ്ങൾ നടത്തുകയും ചെയ്തു. യുവാക്കളാണ് സഭയെ മുന്നോട്ടു നയിക്കേണ്ടതെന്ന സഭാ ദൗത്യം അദ്ദേഹം വിജയകരമായി ഏറ്റെടുത്തു. വളരെയേറേ യുവാക്കൾ കെസിവൈഎമ്മിലൂടെ വളർന്നു വരികയും ഇന്നു വിവിധ സംഘടനകളുടെ തലപ്പത്ത് ഇരിക്കുകയും ചെയ്യുന്നുണ്ട്. ഫാ. തോമസ് മൂറിനോട് അവർ കടപ്പെട്ടിരിക്കുന്നു. ഇങ്ങനെ സഭയ്ക്ക് ഒരു ദിശാമുഖം നല്കുന്നതിൽ അദ്ദേഹം നിർണായക പങ്കു വഹിച്ചതായി മാർ ജോർജ് ആലഞ്ചേരി ചൂണ്ടിക്കാട്ടി.

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ് ലത്തീൻ സമുദായത്തെ പിന്നോക്കാവസ്ഥയിലാക്കി: ബിഷപ് ഡോ. ജോസഫ് കരിയിൽ



ലത്തീൻ സമുദായത്തനു സാമൂഹ്യമായ പിന്നോക്കാവസ്ഥയുണ്ടായത് വിദ്യാഭ്യാസപരമായ വീഴ്ചയുടെ ഫലമാണെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറെയുണ്ടായെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് ഉപകരിക്കുന്നവയുടെ കുറവാണ് സമുദായത്തെ പിന്നോക്കം വലിച്ചതെന്നും കൊച്ചി ബിഷപ് ഡോ. ജോസഫ് കരിയിൽ അഭിപ്രായപ്പെട്ടു. കൊച്ചി രൂപത സമുദായ കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ ലത്തീൻ സമുദായ ദിനാഘോഷങ്ങളുടെ ഭാഗമായി തോപ്പുംപടിയിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. രൂപതയിലെ 951 ഫാമിലി യൂണിറ്റുകളിലായി 1,74,658 സമുദായാംഗങ്ങൾ ഉണ്ടെന്നും തങ്ങളുടെ ശക്തിക്കനുസരിച്ച് പിന്നോക്കാവസ്ഥയെ നേരിടുവാൻ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നും ബിഷപ് ചൂണ്ടിക്കാട്ടി.

## ദൈവപരിപാലനയിൽ ദുരന്തം ഒഴിവാകും: മാർ.ബോസ്കോ പുത്തൂർ



ദൈവപരിപാലനയിൽ പ്രകൃതിദുരന്തം ഒഴിവാകുമെന്ന് സീറോമലബാർ കൂരിയബിഷപ്പ് മാർ.ബോസ്കോ പുത്തൂർ.തൊടുപുഴ മുനിസിപ്പൽ മൈതാനിയിൽ എകെസിസി കോതമംഗലം രൂപത മുല്ലപ്പെരിയാർ പ്രശ്നപരിഹാരത്തിനായി നടത്തിയജപമാലപ്രാർഥന യജ്ഞം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രൂപത ഡയറക്ടർ റവ.ഡോ.ജോർജ് ഒലിയപ്പുറം അനുഗ്രഹപ്രഭാഷണം നടത്തി.സംസ്ഥാന ട്രഷറർ അഡ്വ.ബിജു പറയന്നിലം,രൂപത പ്രസിഡന്റ് ജിബോയിച്ചൻ വടക്കൻ,അഡ്വ ജോസ് ഇലഞ്ഞിക്കൽ ,സോണി നെല്ലിയാനി,ഷാജി ഓാലിക്കൽ,സഖറിയാസ് ചെമ്പരത്തി,ജോസുകുട്ടി ഒഴുകയിൽ,സണ്ണി അറമ്പൻകുടി എന്നിവർ പ്രസംഗിച്ചു.

## സമുദായം രാഷ്ട്രീയമായി ശക്തിയാർജിക്കണം: ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ



ലാറ്റിൻ കത്തോലിക്ക സമുദായം ഇന്നത്തെ വെല്ലുവിളികളെ നേരിടുന്നതിനും സമുദായ വളർച്ച ഉറപ്പാക്കുന്നതിനും അവകാശങ്ങൾ നേടുന്നതിനും കൂട്ടായ മുന്നേറ്റമുണ്ടാകണമെന്നും സമുദായം രാഷ്ട്രീയശക്തിയാർജിക്കണമെന്നും ആലപ്പുഴ രൂപതാ മെത്രാൻ ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ പറഞ്ഞു. കെഎൽസിഎ ആലപ്പുഴ രൂപതാ സമിതി സംഘടിപ്പിച്ച ലത്തീൻ സമുദായ ദിനാഘോഷങ്ങളുടെ തുടക്കം കുറിച്ചുകൊണ്ട് സമുദായദിന രൂപതാതല ഉദ്ഘാടനം കാട്ടൂർ പള്ളോട്ടിൻ ദേവാലയത്തിൽ കെഎൽസിഎ പതാക ഉയർത്തി നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സമുദായം ഇന്നു നേരിടുന്ന എല്ലാ വെല്ലുവിളികളുടെയും അടിസ്ഥാനം ഒരുമിച്ചുള്ള മുന്നേറ്റത്തിന്റെ കുറവാണെന്നും ഇത് ലത്തീൻ സമുദായത്തിന്റെ മുന്നേറ്റങ്ങളെ തടയുന്നതിന് കാരണമാകുമെന്നും ബിഷപ് പറഞ്ഞു. ഉദ്ഘാടനച്ചടങ്ങുകൾക്കു മുന്നോടിയായി നടന്ന ദിവ്യബലിക്ക് ബിഷപ് മുഖ്യകാർമികത്വം വഹിച്ചു. ഫാ. മാത്യു, ഫാ. സോണി തുടങ്ങിയവർ സഹകാർമികത്വം വഹിച്ചു. കെഎൽസിഎ രൂപതാ ആക്ടിംഗ് പ്രസിഡന്റ് എം.എ. കുട്ടപ്പൻ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ജെ. ദേവസ്യ, ക്യാപ്റ്റൻ വി.ജെ. സേവ്യർ, ടി.ജെ. എഡ്വേർഡ് മൈക്കിൾ പി. ജോൺ, ജോസ് ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

## മുല്ലപ്പെരിയാർ: ഒളിച്ചുകളി അവസാനിപ്പിക്കണം - ബിഷപ് ഡോ. വിൻസന്റ് സാമുവൽ



മുല്ലപ്പെരിയാർ പ്രശ്നത്തിൽ നിന്ന് ഭരണപക്ഷത്തിന്റെയും മറ്റ് രാഷ്ട്രീയ പാർട്ടികളുടെയും ഒളിച്ചുകളികൊണ്ട് പ്രശ്നപരിഹാരമാകില്ലെന്നും അതൊരു വലിയ സാമൂഹ്യ പ്രശ്നമായി വളരുന്നതായും നെയ്യാറ്റിൻകര ബിഷപ് ഡോ. വിൻസന്റ് സാമുവൽ. കെ.സി.വൈ.എം സംസ്ഥാന കലോത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളം നീതിയുടെയും സത്യസന്ധതയുടെയും മാർഗത്തിൽ നിന്ന് ഏറെ പിന്നോട്ടുപോയിരിക്കുന്നു. എല്ലാ ജനങ്ങളെയും നേരായ മാർഗത്തിലൂടെ കൊണ്ടുപോകുന്നതിന് യുവജനങ്ങൾ മുന്നോട്ടുവരണം. സമ്പത്തും ശക്തിയും വിദ്യാഭ്യാസവും ലോകജനതയിൽ കൈവന്നതോടെ അവർ അനീതിയുടെ മാർഗം സ്വീകരിക്കുകയും അത് മൂല്യങ്ങളുടെ അധഃപതനത്തിലേക്ക് വഴിതെളിച്ചതായും ബിഷപ് പറഞ്ഞു. യുവത്വം ദൈവത്തിനും മനുഷ്യനും വേണ്ടി പങ്കിടേണ്ട വസന്തകാലമാണ്. ക്രിസ്തുവിനാൽ സ്നേഹിക്കപ്പെടുന്ന അവർക്ക് പ്രത്യേക പ്രാധാന്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## മനുഷ്യസ്നേഹത്തിന്റെ പൂർണതയാണ് ക്രൈസ്തവീയത: മാർ ജേക്കബ് മനത്തോടത്ത്



മനുഷ്യസ്നേഹത്തിന്റെ പൂർണതയും മാനവിക മഹത്വവുമാണ് ക്രൈസ്തവീയതയെന്ന് ബിഷപ് മാർ ജേക്കബ് ജേക്കബ് മനത്തോടത്ത്. പാലക്കാട് രൂപത കുടുംബ കൂട്ടായ്മ മണ്ണാർക്കാട് ഫൊറോനാതലത്തിൽ നടത്തിയ ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. ഫൊറോനാവികാരി ഫാ. ഏബ്രഹാം പാലത്തിങ്കൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ് തുരുത്തിപ്പള്ളി, രൂപതാ പ്രസിഡന്റ് കെ.പി.ലോറൻസ്, ട്രഷറർ ബാബു എം.മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. ഫൊറോനാ പ്രസിഡന്റ് ജോസ് വാക്കശേരി സ്വാഗതവും സെക്രട്ടറി ജോൺ കൈതമറ്റം നന്ദിയും പറഞ്ഞു. കെ.എഫ്.ബാബു ക്ലാസ് നയിച്ചു. തുടർന്നു നടന്ന ചർച്ചകൾക്ക് രൂപതാ സെക്രട്ടറി സിഡിൽ ഏബ്രഹാം നേതൃത്വം നല്കി. ഫാ. ജോമി തേക്കുംകാട്ടിൽ, ഫാ. ടോണി കോഴിപ്പാടൻ തുടങ്ങിയവർ ദിവ്യബലി അർപ്പിച്ചു.

## ജനങ്ങളുടെ ഭീതിയകറ്റണമെന്ന് മാർ തോമസ് ചകൃത്ത്



മുല്ലപ്പെരിയാർ ഡാം ദുർബലമായതിനാൽ പുതിയത് പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ജനങ്ങളുടെ ഭീതിയകറ്റണമെന്ന് എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാൻ ബിഷപ് മാർ തോമസ് ചകൃത്ത്. മതമൈത്രി സമിതിയുടെ ആഭിമുഖ്യത്തിൽ കലൂർ റിന്യൂവൽ സെന്ററിൽ നടത്തിയ ശോഭായാത്രയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രണ്ടു ഭാഷാവിഭാഗങ്ങളിലെയും ജനങ്ങൾ സാഹോദര്യത്തോടെയും സ്നേഹത്തോടെയും പെരുമാറണം. കേന്ദ്രസർക്കാർ സംയോജിതമായി ഉണർന്ന് ഇരുവിഭാഗങ്ങളുമായും ചർച്ച നടത്തി ഒരു തീരുമാനമുണ്ടാക്കണമെന്നും ഇതിനുള്ള ഇച്ഛാശക്തി കാണിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## വിദ്യയോടൊപ്പം വ്യക്തിത്വവും വളർത്തിയെടുക്കണം: മാർ ആൻഡ്രൂസ് താഴത്ത്



ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തോടൊപ്പം വിദ്യാർഥികളെ മികച്ച വ്യക്തിത്വത്തിനുടമകളാക്കാനുള്ള പരിശീലനക്കളരിയുമാകണം വിദ്യാലയങ്ങളെന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. ഏനാമാക്കൽ സെന്റ് ജോസഫ്സ് ഹൈസ്കൂളിന്റെ ശതോത്തര രജത ജൂബിലിയോടനുബന്ധിച്ച് നിർമിച്ച പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. വിദ്യാർഥിയുടെ മികവിൽ നിന്നും സ്ഥാപനത്തെ തിരിച്ചറിയാൻ കഴിയുന്ന അവസ്ഥയിലേക്ക് വിദ്യാലയങ്ങൾ മാറണം.

## ജാഗ്രതാ വാർത്ത

## ആയുസ്സിനു പിന്നിൽ ജീൻ

സമീകൃതാഹാരം, വ്യായാമം, നല്ല ശീലങ്ങൾ ഇതൊന്നും ഒരാളുടെ ആയുസ്സിനെ നിശ്ചയിക്കുന്നില്ല. ഭാഗ്യശാലികളായ ചില വ്യക്തികളുടെ ജീനുകളാണെത്രേ ആയുസ്സു തീരുമാനിക്കുന്നത്.

100 വയസ്സ് കഴിഞ്ഞ നൂറുകണക്കിന് ആളുകളിലാണ് പഠനം നടത്തിയത്. 95നും 100 നും ഇടയിൽ പ്രായമുള്ള അഞ്ഞൂറ് സ്ത്രീ പുരുഷന്മാരോട് അവർ എങ്ങനെയാണ് ജീവിച്ചത് എന്ന് ചോദിക്കു.

ജനിതക വ്യതിയാനം വളരെ കുറച്ചുമാത്രം കണ്ടുവരാറുള്ള അഷ്കെനാസി ജൂതന്മാരുടെ വംശപരമ്പരയിൽപ്പെട്ടവരായിരുന്നു പഠനത്തിൽ പങ്കെടുത്ത ആദ്യ ഗ്രൂപ്പ്. ഈ ജൂതവിഭാഗത്തെ പഠനത്തിനായി തിരഞ്ഞെടുക്കുക വഴി ജനിതക ശാസ്ത്രത്തിന്റെ ഫലങ്ങളെക്കുറിച്ച് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിച്ചു.

ഏതാണ്ട് ഒരേ സമയത്ത് ജനിച്ചവരും സാധാരണ ആയുസ്സ് ഉള്ളവരും ആയിരുന്നു രണ്ടാമത്തെ ഗ്രൂപ്പ്. രണ്ട് ഗ്രൂപ്പിൽപ്പെട്ട ആളുകളുടെയും ഉത്തരങ്ങൾ താരതമ്യം ചെയ്തു.

ജീവിതശൈലി ആണ് ജനിതകശാസ്ത്രത്തെക്കാൾ പ്രധാനം എങ്കിൽ നൂറുവയസ്സുകഴിഞ്ഞവർ മറ്റുള്ളവരെ അപേക്ഷിച്ച് പുകവലിക്കാത്തവരോ ആരോഗ്യകരമായ ജീവിതം ജീവിച്ചവരോ ആയിരുന്നിരിക്കണം. പക്ഷേ അങ്ങനെ ആയിരുന്നില്ല. ദീർഘായുസ്സുള്ള ഈ സ്ത്രീ പുരുഷന്മാർ പഥ്യം നോക്കിയിരുന്നില്ല. കൂടാതെ മദ്യപിക്കുകയും, പുകവലിക്കുകയും ചെയ്തിരുന്നു താനും.

നൂറുവയസ്സു കഴിഞ്ഞവരിൽ അനാരോഗ്യകരമായ ജീവിതശൈലി മൂലമുള്ള ദോഷവശങ്ങളുടെ ആഘാതം കുറയ്ക്കാൻ ദീർഘായുസ്സിനു കാരണമായ ജീനുകൾ സഹായിച്ചു. എന്നും പറയുന്നു.

ആൽബർട്ട് ഐൻസ്റ്റീൻ കോളേജ് ഓഫ് മെഡിസിനിലെ ഗവേഷകനായ നിർബർസിലായ് നടത്തിയ ഈ പഠനം ജേണൽ ഓഫ് അമേരിക്കൻ ജെറിയാട്രിക്സ് സൊസൈറ്റിയിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

## വിശുദ്ധ നോബോർട്ട്.

---

നോബോർട്ട് റൈൻലാന്റിലെ രാജകുടുംബത്തിൽ ജനിച്ചു. പഠനത്തിൽ സമർത്ഥനായിരുന്നു. ചെറുപ്പത്തിൽ സുഖമായി ജീവിക്കണമെന്നേ വിചാരമുണ്ടായിരുന്നുള്ളൂ. കൂടുതൽ നിയന്ത്രണം വന്നേക്കുമെന്നുള്ള ഭയത്താൽ ഉല്ലാസപ്രിയനായ നോബേർട്ടു അഞ്ചാം പട്ടം കഴിഞ്ഞു മുന്നോട്ടു പോയില്ല. അദ്ദേഹത്തെ ബന്ധിച്ചിരുന്ന അലസതയെ ഭേദിക്കാൻ ഒരു അസാധാരണ അനുഗ്രഹം വേണ്ടിയിരുന്നു. ഒരിക്കൽ ഒരു മൈതാനത്തുകൂടെ കുതിരപ്പുറത്തു സവാരി ചെയ്യുമ്പോൾ കാറും കോളും വരികയും കുതിര ഭയന്നു നോബോർട്ടിനെ തള്ളി താഴെ ഇടുകയും അവിടെ ബോധമില്ലാതെ രണ്ടു മണിക്കൂർ കിടക്കുകയും ചെയ്തു. ബോധം വന്നപ്പോൾ സാവൂളിനെപ്പോലെ ചോദിച്ചു: കർത്താവേ ഞാൻ എന്തു ചെയ്യണമെന്നാണ് അങ്ങയുടെ തിരുമനസ്സ് ? ആന്തരികമായ ഒരു സ്വരം ശ്രാവ്യമായി, തിന്മയിൽ നിന്ന് അകന്ന് നന്മ ചെയ്യുക; സമാധാനത്തെ പിന്തുടരുക. അനുതാപ പൂരിതനായ നോബേർട്ട് കൊട്ടാരത്തിലേക്ക് തിരിച്ചുപോകുന്നതിനു പകരം മൗനവും ഏകാന്തതയും ഭജിച്ചു; പ്രാർത്ഥനയിലും ധ്യാനത്തിലും നിമഗ്നനായി.

രണ്ടു കൊല്ലം കൂടി ഒരുങ്ങിയശേഷം പുരോഹിതപട്ടം സ്വീകിരിച്ചു. സുവിശേഷ വായനയ്ക്കുശേഷം ലൗകികസുഖങ്ങളുടെ മായാസ്വഭാവത്തെപറ്റി അദ്ദേഹം സംസാരിച്ചു. പിറ്റേദിവസം ചാപ്റ്റർ യോഗത്തിൽ തങ്ങളുടെ സഭയിലുള്ള അഴിമതികൾ ഫാ. നോബോർട്ടു ചൂണ്ടികാണിച്ചു. കുറേപ്പേർ പരിഷ്കാരങ്ങൾ സ്വീകരിച്ചപ്പോൾ മറ്റുള്ളവർ അദ്ദേഹത്തെ ശക്തമായി എതിർത്തു. തനിക്കുണ്ടായിരുന്ന സമ്പാദ്യമെല്ലാം ദരിദ്രർക്കു കൊടുത്തശേഷം ജെലാസിയൂസു പാപ്പായുടെ അടുക്കൽ ഒരു മുഴുവൻ കുമ്പസാരം കഴിച്ചു. സൗകര്യമുള്ളിടങ്ങളിലെല്ലാം സുവിശേഷം പ്രസംഗിക്കാനുള്ള അനുവാദം അദ്ദേഹം വാങ്ങി. ഞായറാഴ്ചകളിലൊഴികെ മറ്റു ദിവസങ്ങളിൻ സന്ധ്യാസമയംവരെ ഒന്നും ഭക്ഷിച്ചിരുന്നില്ല.

അക്കാലത്തു മാർപാപ്പയുടെ അനുവാദത്തോടുകൂടെ പ്രിമോൺസ്ത്രേൻസിയൻ സന്യാസസഭ അദ്ദേഹം ആരംഭിച്ചു. ഇടവക വൈദികരുടെ ജോലിയും ചെയ്യണം; സന്യസ നിയമങ്ങൾ പാലിക്കുകയും വേണം. ഹൃദയസ്പർശകമായ പ്രസംഗങ്ങൾവഴി അദ്ദേഹം പാഷണ്ഡികളെ മാനസാന്തരപ്പെടുത്തി.

1126 ൽ നോബോർട്ടു മാഗഡിബർഗ്ഗിലെ മെത്രാനായി നിയമിക്കപ്പെട്ടു. ജീവിതം പണയംവച്ചു പല പരിഷ്കാരങ്ങളും അദ്ദേഹം നടപ്പിൽവരുത്തി. 53-ാം വയസ്സിൽ അദ്ദേഹം ദിവംഗതനായി.

## ഞെട്ടിക്കുന്ന സത്യങ്ങൾ

സംഹാരത്തിനായി ഒരു ജലാശയം മുല്ലപ്പെരിയാറിൽ ഇനി എന്ത്? ഉത്തരമില്ലാത്ത ചോദ്യമായി ഇതു മാറുകയാണോ? അതോ, പരിഹാരവഴി അടുത്തെത്തിയോ? നൂറ്റിപ്പതിനാറു വർഷം പഴക്കമുള്ള അണക്കെട്ട് അപകടാവസ്ഥയിൽ എന്നതിനെ തർക്കിക്കുന്നതു തമിഴ്നാട്ടിലെ ചിലർ മാത്രം. പഴയ സാങ്കേതികവിദ്യ ഉപയോഗിച്ചു നിർമിച്ച ഡാമിന്റെ ഭദ്രത ഉറപ്പു പറയാൻ ഒരു ശാസ്ത്രീയ ഘടകവും ഇല്ല. ആകെയുള്ളത് ഇതുവരെ പൊളിഞ്ഞില്ല എന്നതുമാത്രം. 1924ലെ(കൊല്ലവർഷം 1099ലെ)യും 1943ലെയും 1961ലെയും വലിയ വെള്ളപ്പൊക്കങ്ങളെ മുല്ലപ്പെരിയാർ അതിജീവിച്ചു. അതുകൊണ്ടുതന്നെ ഇനിയൊരു ആഘാതം കൂടി താങ്ങാൻ ഈ ഡാമിനു പറ്റില്ലെന്നു കേരളം ചൂണ്ടിക്കാട്ടുന്നു. ഇതിനു പുറമെയാണു ഭൂകമ്പഭീഷണി. ഈയിടെ തുടർച്ചയായി ഉണ്ടായ ചെറിയ ഭൂകമ്പങ്ങളാണു പെട്ടെന്നു കേരളത്തിൽ വിഷയം ആളിക്കത്തിച്ചത് എന്നതു ശരി. പക്ഷേ, ആ ചെറു ചലനങ്ങൾക്കു മുമ്പു നടന്ന രണ്ടു വലിയ ചലനങ്ങൾ ഉണ്ട്. ഇനിയും വളരെ വലിയവ ഉണ്ടാകാമെന്നു മുന്നറിയിപ്പു നൽകിയ രണ്ടു ഭൂകമ്പങ്ങൾ. 2000 ഡിസംബർ 12നും 2001 ജനുവരി ഏഴിനും ആയിരുന്നു അവ. നാലാഴ്ചത്തെ ഇടവേളയിൽ സംഭവിച്ച അവയിൽ ആദ്യത്തേതു റിക്ടർ സ്കെയിലിൽ അഞ്ചു കാണിച്ചു. രണ്ടാമത്തേത്ത് 4.8 ഉം. രണ്ടു ചലനങ്ങളും പുലർച്ചെ ആയിരുന്നു.

ഭാഗ്യവശാൽ അവ മുല്ലപ്പെരിയാറിൽ അല്ല കേന്ദ്രീകരിച്ചത്. ഈരാറ്റുപേട്ടയ്ക്കു സമീപമായിരുന്നു അവയുടെ പ്രഭവകേന്ദ്രങ്ങൾ. പക്ഷേ നാളെയോ? അതാണു കേരളത്തിന്റെ ആശങ്ക. കേരളത്തിൽ തന്നെ മുല്ലപ്പെരിയാർ ഡാമിനു താഴെയുള്ള കുറെ പഞ്ചായത്തുകളിലെ ഒന്നൊന്നരലക്ഷം ജനങ്ങൾക്ക് ഇത് ആശങ്കയുടെ വിഷയമല്ല. ജീവന്മരണപ്രശ്നമാണ്.ഇനിയൊരു ഭൂകമ്പം ഉണ്ടായാൽ തങ്ങൾ ഇല്ലാതായതുതന്നെ എന്ന് അവർക്കറിയാം. കാരണം, അവർക്കു വേറേ വഴിയില്ല. അവർ ജീവിക്കുന്ന, പണിയുന്ന, ഉറങ്ങുന്ന, പഠിക്കുന്ന, കളിക്കുന്ന, ഭൂമിയിലേക്കാകാം സർവ സംഹാരശക്തിയോടും കൂടി മുല്ലപ്പെരിയാർ ഡാമിൽ നിന്നു വെള്ളം പാഞ്ഞെത്തുക. നൂറുകണക്കിനടി ഉയരത്തിലും വീതിയിലും വരുന്ന ആ പ്രവാഹത്തിൽ ഒന്നും ബാക്കി നിൽക്കില്ല. മനുഷ്യർ മാത്രമല്ല പ്രകൃതിയും. ഇതു മനസിലാക്കിയാണു കേരളം റൂർക്കിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐഐടി)യെ സമീപിച്ചത്. അവരുടെ പഠനം കേരളത്തെ ഞെട്ടിക്കുന്ന വിവരങ്ങളാണു നൽകിയത്. മുല്ലപ്പെരിയാർ ഡാമിന്റെ 300 കിലോമീറ്റർ പരിധിയിൽ 22 പ്രധാന ഭ്രംശരേഖകൾ (ഭൂകമ്പത്തിനു കാരണമാകുന്നവിധം ഭൂമിയുടെ അകക്കാമ്പിലുള്ള വിള്ളൽ) ഉണ്ട്. അതിലൊന്നായ തേക്കടി-കോടൈവന്നലൂർ ഭ്രംശരേഖ ഡാമിന്റെ 16 കിലോമീറ്റർ അടുത്താണ്. ഈ ഭ്രംശരേഖ ഡാമിൽ നിന്നു 16 കിലോമീറ്ററകലെ റിക്ടർ സ്കെയിലിൽ 6.5 വരാവുന്ന ഭൂകമ്പത്തിനു കാരണമാകുമെന്നു റൂർക്കി സംഘം കണ്ടെത്തി. ജനങ്ങളുടെ ഭയം അസ്ഥാനത്തല്ലെന്ന് ഉറപ്പായി. മാത്രമല്ല, റിക്ടർ സ്കെയിലിൽ ആറ് രേഖപ്പെടുത്തുന്ന ഭൂകമ്പത്തെ താങ്ങാൻ ഡാമിനു കഴിയുകയില്ലെന്നും റൂർക്കിയിലെ വിദഗ്ധർ ചൂണ്ടിക്കാട്ടി. സാങ്കേതികമായ ഒട്ടേറെ ഘടകങ്ങൾ വിശകലനം ചെയ്തിട്ടാണ് ഈ നിഗമനങ്ങളിലെത്തിയത്. പരമാവധി താങ്ങാവുന്ന പ്രകമ്പനവും മറ്റും വിശദമായി പഠിച്ചു. ഭൂമിയിലുണ്ടാകുന്ന കൂടിയ പ്രവേഗം പോലുള്ള ഘടകങ്ങളും പരിശോധിച്ചു. ഉത്തരം കേരളത്തെ ഞെട്ടിക്കുന്നതാണെന്നു പറഞ്ഞുല്ലോ.

ഇതേപോലെ ഡൽഹി ഐഐടി ഒരു പഠനം നടത്തി. മുല്ലപ്പെരിയാറിന് എത്ര വലിയ പ്രളയം താങ്ങാനാവുമെന്നായിരുന്നു അതിൽ പഠിച്ചത്. മുല്ലപ്പെരിയാറിന്റെ വൃഷ്ടിപ്രദേശത്തു 48 മണിക്കൂറിനുള്ളിൽ 65 സെന്റിമീറ്റർ വരെ മഴ പെയ്ത ചരിത്രമുണ്ട് അതുവച്ചാണു പഠിച്ചത്.ആ പഠനവും ഞെട്ടിക്കുന്ന വിവരമാണു സമ്മാനിച്ചത്. മുൻ പറഞ്ഞതുപോലൊരു മഴ ഉണ്ടായി വെള്ളം പൊങ്ങിയാൽ മുല്ലപ്പെരിയാറിൽ 160 അടിയിലേറെ ഉയരത്തിലാകും ജലനിരപ്പ്. ഡാമിന്റെ പരമാവധി ഉയരം 155 അടി. അതായത് അഞ്ചടി കൂടുതൽ വെള്ളം.കൂടുതൽ ഉയരത്തിൽ വരുന്ന വെള്ളം പാത്രത്തിന്റെ വക്കുകവിഞ്ഞ് വെള്ളമൊഴുകുംപോലെ അങ്ങ് ഒഴുകിപ്പോകില്ല. ഡാമും കൂടി പൊളിച്ചുകൊണ്ടാകും അത് ഒഴുകുക. ഹൈഡ്രോളജിക്കൽ പഠനം നടത്തിയ ഡൽഹി ഐഐടിയുടെ നിഗമനത്തിന്റെ അർഥം ഡാമിനു താഴെയുള്ള ജനങ്ങൾക്കു ഭാവി കറുത്തതുമാത്രം എന്നായിരുന്നു.

JAGRATHA News
**"Jagratha News"** - An internet news service is free and for private circulatio
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA